പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2454 — 18-6-2014-ൽ മറുപടിക്ക്

മാലിപ്പുറത്തെ കുടിവെള്ള ടാങ്ക്.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്. ശർമ്മ. | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജിഡ ഫണ്ട് ഉപയോഗിച്ചുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി മാലിപ്പുറത്ത് നിർമ്മിച്ചിട്ടുള്ള കുടിവെള്ള ടാങ്കിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകും എന്ന് വ്യക്തമാക്കുമോ;<br>(ബി) ഇല്ലെങ്കിൽ ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) യും (ബി) യും മാലിപ്പുറം ടാങ്കിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. വട്ടതല സംഭരണിയിൽ നിന്ന് പദ്ധതിയ്ക്കാവശ്യമായ ജലം ലഭിക്കുന്ന മുറയ്ക്ക് ടാങ്കിൽ വെള്ളം നിറച്ച് ടാങ്ക് കമ്മീഷൻ ചെയ്യുന്നതാണ്. വട്ടതല സംഭരണിയിലേയ്ക്കുള്ള പൈപ്പ് ലൈനിൽ റെയിൽവ്വേ ലൈനിനിടയിലൂടെയുള്ളതും കേടുപാട് സംഭവിച്ചതുമായ ഭാഗത്തെ പൈപ്പ് ലൈനിന്റെ അറ്റകുറ്റപ്പണി പൂർത്തിയാക്കി പൂർവ്വസ്ഥിതിയിൽ പുനസ്ഥാപിച്ചാൽ മാത്രമേ പുതുവൈപ്പ് സംഭരിണിയിലേയ്ക്കും അവിടെ നിന്ന് മാലിപ്പുറം ടാങ്കിലേയ്ക്കും വിഭാവനം ചെയ്ത മുഴുവൻ ജലവും എത്തിയ്ക്കുവാൻ സാധിക്കുകയുള്ളൂ. പ്രസ്തുത ജോലി പുരോഗതിയിലാണ്. പദ്ധതി ഡിസംബർ 2014 -ൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) ടാങ്കിൽ വെള്ളം നിറച്ചുള്ള പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനയിൽ ചോർച്ച് പോലുള്ള നിർമ്മാണ സംബന്ധമായ അപാകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ടാങ്കിൽ വെള്ളം നിറച്ചുള്ള പരിശോധന നടത്തിയിട്ടുണ്ട്. അപ്പോൾ ചോർച്ച പോലുള്ള നിർമ്മാണ സംബന്ധമായ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പിന്നീട് ടാങ്കിലേയ്ക്കുള്ള പമ്പിംങ്ങ് മെയിനിന്റെ പണി പൂർത്തിയാക്കി ടാങ്കിൽ വെള്ളം കയറ്റിയപ്പോൾ ടാങ്കിന്റെ മുകളിലെ ഭാഗത്തെ കൺസ്ട്രക്ഷൻ ജോയിന്റിൽ പ്ലാസ്റ്ററിംഗ് ഇളകിയതുമൂലം ചെറിയ തോതിൽ ലീക്ക് കാണപ്പെട്ടിരുന്നു. പ്രസ്തുത ലീക്ക് അടയ്ക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ